ത്രിസന്ധ്യയിൽ നാം എന്താണ് ചെയ്യേണ്ടത്?

ഫാ. ഡോ. കെ. എം. ജോർജ്

പ്രകാശം അസ്തമിക്കുകയും ഇരുൾ വീശിത്തുടങ്ങുകയും ചെയ്യുന്ന ത്രിസന്ധ്യയിൽ മലയാളികൾ പരമ്പരാഗതമായി നിലവിളക്ക് കൊളുത്തി വീടിന്റെ ഉമ്മറത്ത് ദീപം തെളിക്കുന്നു. ആധുനിക യുഗത്തിൽ നിലവിളക്ക് മിക്കവാറും ഇല്ലാതാവുകയും പകരം ഇലക്ട്രിക് വിളക്കുകൾ നാം കത്തിക്കുകയും ചെയ്യുന്നു. ഏതായാലും കനത്തു വരുന്ന ഇരുട്ടിനെ അകറ്റി നമുക്ക് ജീവനും പ്രത്യാശയും നിലനിർത്താനാണ് ദീപം തെളിക്കുന്നത്.

കോവിഡ് മഹാമാരി ഒരു ത്രിസന്ധ്യയാണ്. ഒരിക്കലും മാറിപ്പോവുകയില്ല എന്നു നാം വിചാരിച്ചിരുന്ന നമ്മുടെ സംസ്ക്കാരവും ജീവിതശൈലികളും സാമ്പത്തിക സംവിധാനങ്ങളും അസ്തമിച്ചു തുടങ്ങുന്നു. അനിശ്ചിതവും അപകടപൂർണ്ണവുമായ ഭാവിയുടെ ഇരുട്ട് നമ്മെ വലയം ചെയ്യുന്നു. ഇവിടെ എന്ത് ദീപമാണ് നാം കൊളുത്തേണ്ടത് എന്നത് നിർണ്ണായകമായ ചോദ്യമാണ്. മത-രാഷ്ട്ര വ്യവഹാരങ്ങളിലും മറ്റെല്ലാ ജീവിത വ്യാപാരങ്ങളിലും നേതൃത്വം കൊടുക്കുന്നവർ ഇതിന് ഉത്തരം നൽകാൻ ബാധ്യസ്ഥരാണ്. ഇവിടെ ചില കാര്യങ്ങൾ നാം ഓർക്കേണ്ടതാണ്.

ഒന്നാമതായി, കോവിഡ് മഹാമാരി കുറെയൊക്കെ ശമിക്കണമെങ്കിൽ കുറഞ്ഞത് മൂന്നു മുതൽ അഞ്ച് വർഷങ്ങൾ വേണ്ടിവരും എന്ന് അറിവുള്ളവർ കണക്കുകൂട്ടുന്നു. ഇതിനിടയിൽ മാരകമായ പുതിയ ഒരു വൈറസോ കൊറോണ വൈറസിന് ഗൗരവമായ മ്യൂട്ടേഷനോ സംഭവിക്കാതിരിക്കണം. ഈയൊരു കാലയളവിൽ രാഷ്ട്രങ്ങൾ, മതങ്ങൾ തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്ന മഹാരഥന്മാരിൽ ഒരു നല്ല പങ്ക് നാടുനീങ്ങാൻ ഇടയുണ്ട്. കരിന്തിരി കത്തുന്ന പഴയ യുഗത്തിന്റെ വീറും വാശിയും വൈരാഗ്യങ്ങളും പിൻതലമുറയുടെമേൽ കെട്ടിവച്ചു അവർ കടന്നുപോകും. പിന്നെയാരാണ് നമുക്ക് ഒരു ദീപം തെളിയിച്ചു തരിക.

രണ്ടാമതായി, ഇനി വൈറസ് ബാധയൊന്നുമില്ലാതിരിക്കുകയും വാക്സിൻ വിജയിക്കുകയും ചെയ്താലും ഈ ഭൂമിയിൽ മനുഷ്യഭാവിക്കു ദിവസങ്ങളെണ്ണാം. കാരണം, ഇപ്പോൾ മനുഷ്യന്റെ നാഗരിക സംസ്ക്കാരം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഭൂമിയുടെ ജൈവമണ്ഡലത്തെ ഇനി പെട്ടെന്നു ക്ഷയിപ്പിക്കും.

മൂന്നാമതായി, മനുഷ്യരുടെ വിശ്വാസപ്രമാണങ്ങൾ തമ്മിൽ ഏറ്റുമുട്ടി ജീവിതം ദുസ്സഹമാക്കുന്ന സാഹചര്യത്തിലേക്ക് നാം കടക്കുകയാണ്. സ്വതന്ത്ര ജനായത്തം (ലിബറൽ ഡിമോക്രസി), മതനിരപേക്ഷത, പൊതുക്ഷേമം എന്നൊക്കെ പറഞ്ഞ് നാം മൂല്യവത്തായി കരുതിയ പലതും തകിടം മറിഞ്ഞു തുടങ്ങി. ദൂരെയൊന്നും പോകണ്ട, ഇന്ത്യയിൽ തന്നെ എത്ര ആകസ്മികമായിട്ടാണ് പുതിയ മാരകമായ മത-രാഷ്ട്രീയ കൂട്ടായ്മ അതിപ്രബലമായി തീർന്നത്. ഏതാണ്ട് എഴുന്നൂറ് വർഷം ഓട്ടോമാൻ ഭരണത്തിൻകീഴിൽ സുറിയാനിക്കാർ ഉൾപ്പെടെയുള്ള പൗരസ്ത്യ ക്രിസ്ത്യാനികൾ രണ്ടാം ക്ലാസ്സ് പൗരന്മാരായി കഴിഞ്ഞതുപോലെ ഇപ്പോഴും ഇസ്ലാമിക ഭരണകൂടങ്ങൾക്ക് അവർ വിധേയരായി നിൽക്കുന്നതുപോലെ ഇന്ത്യയിലും മതന്യൂനപക്ഷങ്ങൾ, പ്രത്യേകിച്ചു ക്രിസ്തീയ സഭകൾ കഴിയേണ്ടിവരും. യൂറോപ്പിലും അമേരിക്കയിലും വളരെ അപകടകരമായ മതസംഘർഷങ്ങൾ അടുത്ത രണ്ടുമൂന്നു ദശകങ്ങളിൽ സംഭവിക്കാം.

നാലാമതായി, നാഗരിക സംസ്ക്കാരം (urban civilization) എന്ന പേരിൽ നാം നടത്തിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ മിക്കവാറും അപ്രസക്തമാവുകയാണ്. ഇനിമേൽ വലിയ കമ്പനികൾക്ക് വിശാലമായ ഓഫീസും അനുബന്ധ കെട്ടിടങ്ങളുമൊന്നും ആവശ്യമില്ല. പാശ്ചാത്യലോകത്ത് മനുഷ്യരുടെ ആരാധനാലയങ്ങൾക്ക് ഈ അവസ്ഥ കുറെയൊക്കെ സംഭവിച്ചു കഴിഞ്ഞു. നമ്മുടെ നാട്ടിലും ഇനിയും എപ്പോഴെങ്കിലും പള്ളികൾ തുറന്നു പൊതുആരാധന സാധ്യമായാൽ തീർച്ചയായും അവിടെ വരാൻ ഒരു വിഭാഗം ജനങ്ങൾ തയ്യാറാകും. കൊടിയേറ്റങ്ങളും പെരുന്നാളുകളും കുറെ ഉണ്ടാവാം. അതിനിടയിൽ ആരുമറിയാതെ മറ്റൊരു വിഭാഗം ജനങ്ങൾ അപ്രസക്തമായി തീർന്ന കെട്ടിടങ്ങളിലേക്കും ആഘോഷങ്ങളിലേക്കും വരാതാകും. എങ്കിലും വൈദികർക്ക് ഉപജീവനത്തിന് ആവശ്യമായ കാര്യങ്ങളൊക്കെ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഒരു കാര്യം നാം ഓർക്കണം. 14-ാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ കറുത്ത മരണം (Black death) എന്ന മഹാമാരിക്കു ശേഷമാണ് അവിടെ ശാസ്ത്രം പുരോഗമിച്ചതും നവോത്ഥാനവും സഭാനവീകരണവും ശക്തിയായ മതവിദ്വേഷവും ഉടലെടുത്തത്. എന്നാൽ ഇന്ത്യയിൽ അങ്ങനെ വിപ്ലവകരമായ എന്തെങ്കിലും ഉണ്ടാവാൻ സാധ്യത കുറവാണ്. എങ്കിലും പൗരോഹിത്യത്തിന്റെ അധികാരക്കെട്ടുകൾ അഴിഞ്ഞുപോകാനും ജനം ആദ്ധ്യാത്മികതയുടെ പുതിയ തലങ്ങൾ തേടാനും വളരെ സാധ്യതയുണ്ട്.

മുകളിൽ പറഞ്ഞതൊക്കെ ത്രിസന്ധ്യയുടെ ചില അടയാളങ്ങൾ മാത്രമാണ്. ഇരുട്ട് കനത്തു തുടങ്ങുമ്പോൾ ആരാണ് എങ്ങനെയാണ് ദീപം കൊളുത്തുക എന്ന ചോദ്യം അവശേഷിക്കുന്നു. ഭാവിയെക്കുറിച്ചുള്ള ചില സങ്കല്പങ്ങൾ നമുക്ക് പരിഗണിക്കാവുന്നതാണ്.

ഒന്നാമതായി, ഒരു പുതിയ ആദ്ധ്യാത്മികാചാര്യൻ ആകസ്മികമായി ഉയർന്നു വരാനും ഇരുട്ടിലാണ്ട നമ്മുടെ ലോകത്തിന് പുതിയ ഒരു ധാർമ്മികതയും ജീവിതക്രമവും ഉപദേശിക്കുവാനും ഇടയുണ്ട്. ആകസ്മികമെന്നു പറയാൻ കാരണമുണ്ട്. ബുദ്ധൻ, ക്രിസ്തു, മുഹമ്മദ് നബി എന്ന മൂന്ന് പേരെ എടുത്താൽ അവരുടെ മൂന്നു പേരുടെയും ജനനവും ജീവിതവും പ്രവർത്തനവും തീർത്തും അപ്രതീക്ഷിതമായിരുന്നു. എന്നാൽ അവരോടുകൂടി ലോകത്തിന്റെ അതാത് ഭാഗങ്ങളിൽ വമ്പിച്ച പരിവർത്തനമാണ് വന്നത്. അതുപോലെ വീണ്ടും സംഭവിക്കുവാൻ സാധ്യതയുണ്ട്.

കാരണം, ഇപ്പോഴത്തെ മനുഷ്യലോകത്തിന്റെ സമ്പൂർണ്ണമായ പുനഃക്രമീകരണത്തിലൂടെ (Re-ordering) മാത്രമേ ഇനി മനുഷ്യവർഗ്ഗത്തിന് മുമ്പോട്ട് പോകാനാവൂ. ഇപ്പറഞ്ഞതുകൊണ്ട് തെറ്റിദ്ധാരണ ഉണ്ടാകരുത്. ഗുരു ഒരു മനുഷ്യ വ്യക്തിയായിരിക്കണമെന്ന് നിർബന്ധമില്ല. ആഗോളതലത്തിൽ ഉണ്ടാകാവുന്ന പാരിസ്ഥിതികമായ ഒരു മഹാ ദുര ന്തമോ ഒരു സംഭവമോ ആകാനും മതി. ഒരു പക്ഷേ നാം സങ്കൽപ്പിക്കുന്ന ആ ലോക ഗുരു ഒരു വെറും വൈറസാ യിരിക്കാനും സാധ്യതയുണ്ട്. പ്രവചനവിധേയമല്ലാത്ത ആകസ്മികതയാണ് ഇവിടെ ഊന്നിപ്പറഞ്ഞത്.

രണ്ടാമതായി, ഇപ്പോഴത്തെ നമ്മുടെ ലോകം ആശ്രയിക്കുന്നത് ടെക്നോളജിയെയും സൈബർ സാങ്കേതികവിദ്യ യെയുമാണ്. എന്നാൽ ഈ ടെക്നോളജിക്കുള്ളിൽ തന്നെ ഉണ്ടാവുന്ന തിന്മയുടെ ശക്തി അതിനെയും അതിൽ ആശ്രയിക്കുന്ന മനുഷ്യനെയും തകർക്കും. ഉദാഹരണമായി, ഡിജിറ്റൽ യുഗത്തിൽ മനുഷ്യനുണ്ടാക്കുന്ന എല്ലാ നല്ല സോഫ്റ്റ്‌വെയറിനും ബദലായി തിന്മയുടെ സന്നാഹം (malware) മനുഷ്യൻ ഒരുക്കുന്നുണ്ട്. വാസ്തവത്തിൽ ഈ തിന്മയുടെ ശക്തി നന്മയുടേതിനേക്കാളും അനേക മടങ്ങാണ്. “ഈ ലോകത്തിന്റെ പ്രഭു” എന്ന് യേശുക്രിസ്തു സൂചിപ്പിച്ചതിനോട് സമാനസ്വഭാവമുള്ളതാണ് ഈ മാൽവെയർ പ്രതിഭാസം. ചുരുക്കത്തിൽ മനുഷ്യന്റെ വലിയ നേട്ട മായ ടെക്നോളജിയുടെ നാശം അതിൽ തന്നെ അന്തർഭവിച്ചിട്ടുണ്ട്. നാം സൈബർ സ്പെയ്സ് (cyber space) എന്നു പറയുന്നതിലാണ് ഈ മഹത്തായ ഡിജിറ്റൽ ടെക്നോളജി മുഴുവൻ നിലകൊള്ളുന്നത്. നമ്മുടെ ലോകത്തിൽ ഒറ്റയ ടിക്കു വൈറസ് വന്നതുപോലെ നമ്മുടെ ഭൗതികമല്ലാത്ത ഒരുതരം സാങ്കല്പിക ഇടമായ (Virtual Space) സൈബർ സ്പെയ്സിലും ഒറ്റയടിക്കു മനുഷ്യനിർമ്മിതമായ ഒരു വൈറസ് വന്ന് ഡിജിറ്റൽ സംസ്ക്കാരത്തെ ഉന്മൂലമാക്കാം.

അപ്പോൾ പറഞ്ഞു വന്നത്, പാരിസ്ഥിതികമായ തിരിച്ചടി മൂലം മനുഷ്യന്റെ ഭൗതികമായ ഇടം (material space) നശിപ്പിക്കപ്പെടുന്നതുപോലെ മനുഷ്യസൃഷ്ടിയായ ഒരു വൈറസ് വന്ന് നമ്മുടെ ടെക്നോളജിയുടെ ബൗദ്ധികമായ ഇടത്തെയും പൂർണ്ണമായും നശിപ്പിക്കാം. ഇവിടെയും ഒരു പുതിയ ബോധം നമുക്ക് ഉണ്ടാകണം. ആ പ്രകാശിതമായ ബോധത്തോട് ബന്ധപ്പെട്ടാണ് പുതിയ ഒരു ലോകഗുരുവിന്റെ സ്ഥാനത്തെക്കുറിച്ച് സൂചിപ്പിച്ചത്.

മൂന്നാമതായിട്ട്, മുമ്പറഞ്ഞവ വെറും സങ്കല്പങ്ങളായി നമുക്ക് തോന്നാമെങ്കിലും അവ ആകസ്മികമായി സംഭവി ക്കാൻ വളരെ വലിയ സാധ്യതയുണ്ട്. അങ്ങനെ സംഭവിച്ചാൽ പിടിച്ചുനിൽക്കാൻ മതങ്ങൾക്കോ രാഷ്ട്ര സംവിധാന ങ്ങൾക്കോ കഴിവുണ്ടാകുമോ എന്ന് സംശയിക്കണം.

ക്രിസ്തീയ സഭയെ സംബന്ധിച്ചിടത്തോളം ഇപ്പറഞ്ഞതൊന്നും പുതുമയല്ല. തങ്ങൾ ഇരുട്ട് മൂടിക്കൊണ്ടിരിക്കുന്ന ത്രിസന്ധ്യയിലാണ് ജീവിക്കുന്നതെന്ന് അപ്പോസ്തോലന്മാരും ആദിമ സഭാഗുരുക്കന്മാരും വിശ്വസിക്കുകയും ജനത്തെ പഠിപ്പിക്കുകയും ചെയ്തു. ആ ഇരുട്ടിൽ പ്രകാശമായി അവർ കണ്ടത് യേശുക്രിസ്തുവെന്ന ലോകത്തിന്റെ വെളിച്ച മാണ്. ആ ഉദയനക്ഷത്രത്തെ തിരിച്ചറിയാനും ഇരുട്ടിന്റെ പ്രവൃത്തികളിൽ നിന്നു വിട്ട് വെളിച്ചത്തിന്റെ മക്കളാകുവാ നുമാണ് അവർ പഠിപ്പിച്ചത്. ഇവിടെ ലോകാവസാനം എന്ന ശക്തിയായ ചിന്ത നിലവിലുണ്ടായിരുന്നു. യേശു ലോക ത്തിന്റെ അവസാനത്തെക്കുറിച്ച് പഠിപ്പിക്കുകയും, ഈ ലോകത്തിന്റെ അന്ധകാരത്തിൽ നിങ്ങൾ എപ്പോഴും ഉണർന്നി രിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. ഈ ഉണർവാണ് പ്രകാശിതമായ ക്രിസ്തീയ ബോധം. “ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ” ദൈവത്തിന്റെ ഉണർവിനെ തിരിച്ചറിയാനും അതിൽ പങ്കെടുക്കാനുമുള്ള നമ്മുടെ ഉണർന്ന ബോധം. ഈ പ്രകാശം നമുക്ക് ഉള്ളിലാണ്. അതുകൊണ്ട് മഴയോ കാറ്റോ മഹാമാരിയോ എന്തുവന്നാലും അത് കെട്ടുപോവു കയില്ല. നമ്മുടെ പ്രാർത്ഥനകളിൽ ഉടനീളം കാണുന്നത്, ഈ ബോധദീപ്തിക്കു വേണ്ടിയുള്ള അന്വേഷണമാണ്. ഇതിന്റെ ഒരു രശ്മി കിട്ടിക്കഴിയുമ്പോൾ നമ്മുടെ എല്ലാ ആചാരങ്ങളും ആഘോഷങ്ങളും ആഡംബരങ്ങളും അസ്ത തേജമാകും.

ലോകാവസാനത്തെക്കുറിച്ച് വളരെ ആക്ഷരികമായ ഒരു സങ്കല്പമാണ് നമുക്ക് പൊതുവെ ഉള്ളത്. അതായത് കർത്താവ് സ്വർഗ്ഗീയ സൈന്യങ്ങളുടെ കാഹളത്തോടുകൂടി വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെടുകയും ലോകചരിത്രം അവസാനിപ്പിച്ച് നമ്മെ ന്യായവിധിയ്ക്കായി ദൈവസിംഹാസനത്തിന്റെ മുമ്പിൽ നിർത്തുകയും ചെയ്യുന്നു. മനുഷ്യർക്ക് പെട്ടെന്നു മനസ്സിലാകുന്ന ഈ ചിത്രം കർത്താവ് തന്നെ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഈ ആക്ഷരിക തലത്തിൽ നിന്നു വിട്ട് ആഴത്തിലേക്കു ചെല്ലുമ്പോൾ നാം വ്യത്യസ്തമായ ചിത്രമാണ് കാണുന്നത്. “എന്നിൽ വിശ്വസിക്കുന്ന വൻ ന്യായവിധിയിൽ ഉൾപ്പെടാതെ മരണത്തെ വിട്ട് ജീവനിലേക്കു കടന്നിരിക്കുന്നു” എന്ന് കർത്താവ് പറയുന്നു. “നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ഇരിക്കും” എന്ന് തന്നെ ഏറ്റുപറഞ്ഞ കള്ളനോട് കർത്താവ് പറഞ്ഞു. “ലോകത്തിന്റെ അന്ത്യം പിതാവല്ലാതെ പുത്രൻ പോലും അറിയുന്നില്ല” എന്ന് കർത്താവ് തന്റെ മനുഷ്യാവതാരകാ ലത്ത് സൂചിപ്പിച്ചു.

കർത്താവിന്റെ രണ്ടാമത്തെ വരവ് പെട്ടെന്നുണ്ടാകും എന്ന് കരുതിയിരുന്ന ആദിമ സഭയിൽ, ആ ധാരണ മങ്ങു കയും ഓരോ വ്യക്തിയുടെയും മരണമാണ് ആ വ്യക്തിയുടെ ലോകാവസാനം എന്ന് ഗുരുക്കന്മാർ പഠിപ്പിക്കുകയും ചെയ്തു. ഈ മാറ്റം ഇപ്പോഴും പ്രസക്തമാണ്. എന്റെ മരണം എന്നെ സംബന്ധിച്ച് ലോകാവസാനം ആണ്. അതു കൊണ്ട് കർത്താവ് പഠിപ്പിച്ച ഉണർച്ചയുടെ ബോധം എന്നിലും ഞാൻ ഉൾപ്പെടുന്ന ക്രിസ്തീയ സമൂഹത്തിലും നില നിൽക്കണമെന്നതാണ് പ്രധാനം. അങ്ങനെ ആഴമായ യുഗാന്ത്യബോധമുള്ള ആചാര്യന്മാരും ഗുരുക്കന്മാരും നമുക്ക് ഉണ്ടാവുമ്പോൾ നമ്മുടെ ജീവിതത്തിൽ ചില മുൻഗണനക്രമങ്ങൾ ഉണ്ടാകും. ഏതാണ് ആദ്യം പരിഗണിക്കേണ്ടത്? എന്താണ് അടിയന്തിരമായി ആവശ്യമുള്ളത്? എന്ന് ചിന്തിക്കുമ്പോഴാണ് നമ്മുടെ മുൻഗണനാക്രമം രൂപപ്പെടുന്നത്. അതിന്റെ ഫലമായി സഭാ സംവിധാനങ്ങളിലും ജീവിതശൈലിയിലും ഉചിതമായ മാറ്റങ്ങൾ വരാം.

ക്രിസ്തീയ സഭ ഇപ്പോൾ ആത്മീയമായ അടിയന്തിരാവസ്ഥ (Spiritual Emergency) പ്രഖ്യാപിക്കാനുള്ള സമയമാണ്.

കാരണം, നമ്മുടെ മുൻഗണനാക്രമം മുഴുവൻ തെറ്റിക്കിടക്കുകയാണ്. പൗരോഹിത്യ വ്യവസ്ഥയുടെ അധികാരഘടന യേശുക്രിസ്തു സങ്കല്പിച്ചതും കാണിച്ചുതന്നതുമായി ഒരു ബന്ധവുമില്ലാത്ത അവസ്ഥയിലാണ്. അതുകൊണ്ട് ഒരു സമ്പൂർണ്ണമായ കുടമാറ്റം അഥവാ മാതൃകാമാറ്റം (paradigm shift) നിലവിൽ വരുത്താനാണ് ഈ അടിയന്തിരാവസ്ഥ സഹായിക്കേണ്ടത്. അങ്ങനെ മാറ്റം സംഭവിച്ചില്ലെങ്കിൽ പുതിയ യുഗത്തിൽ ക്രിസ്തീയ സഭയ്ക്ക് ഫലപ്രദമായി യാതൊന്നും ചെയ്യാൻ ആവാതെ വരും. എന്തൊക്കെയാണോ യഹൂദ പൗരോഹിത്യത്തെക്കുറിച്ച് യേശുക്രിസ്തു വിമർശനാത്മകമായി പറഞ്ഞത്, അതൊക്കെ ഇപ്പോഴും ചില സഭകളിലെ പൗരോഹിത്യ വ്യവസ്ഥയ്ക്ക് ചേരുന്നതാണ്.

സുവിശേഷത്തിന്റെ മർമ്മം എന്താണെന്ന് അറിയാൻ ഒരു ജീവന്മരണ പരീക്ഷണം നടത്താൻ ക്രിസ്തീയ സഭ തയ്യാറാകുമോ എന്നതാണ് ചോദ്യം. അതായത് യേശു പറയുകയും സ്വന്തം ജീവിതത്തിൽ കാണിക്കുകയും ചെയ്ത ചില അസാധാരണ മൂല്യങ്ങൾ നമുക്ക് തിരിച്ചുപിടിക്കാനാവുമോ എന്നതാണ് ചോദ്യം. അങ്ങനെ ക്രിസ്തു പഠിപ്പിച്ച ചില കാര്യങ്ങൾ സനാതന ഹിന്ദുവായ ഗാന്ധിജി നമ്മുടെ കാലഘട്ടത്തിൽ കാണിച്ചുതരികയും അത് ബ്രിട്ടീഷ് സാമ്രാജ്യത്തെ കടപുഴക്കി എറിയുവാൻ ത്രാണിയുള്ള ഒരു അസാധാരണശക്തിയായി തീരുകയും ചെയ്തു. പക്ഷേ ഗാന്ധിജി വെടിയേറ്റു മരിച്ചു. അതുകൊണ്ടാണ് ജീവന്മരണ പരീക്ഷണം എന്നു പറഞ്ഞത്. ദൈവരാജ്യത്തിന്റെ ചില മൂല്യങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരുന്നതു മൂലം ഏതെങ്കിലുമൊരു സഭയുടെ ഭൗതികമായ സമ്പത്തുകളും ആസ്തികളും ഇല്ലാതാവുന്ന ഒരു സാഹചര്യം ഉണ്ടായാൽ അതിലപ്പുറം ഒരു ദൗത്യം ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്ക് ഈ ലോകത്തിൽ ഇല്ല. അപ്പോൾ മാത്രമേ "നിന്റെ രാജ്യം വരേണമേ" എന്ന പ്രാർത്ഥന അർത്ഥപൂർണ്ണമാവുകയുള്ളു. അവിടെ നമ്മുടെ ആദ്ധ്യാത്മികമായ ഇടം (Spiritual Space) അതീവ ശോഭയുള്ളതായി ഈ ലോകത്തിന്റെ ഇരുട്ടിനെ അകറ്റും. നമ്മുടെ ഭൗതിക-ജൈവ ഇടവും (material biological space) നമ്മുടെ സൈബർ ഇടവും (cyber digital space) ജീർണ്ണിച്ചാലും അവയെ നവീനമായി സൃഷ്ടിക്കാനും പുനഃസംഘടിപ്പിക്കാനും നമ്മുടെ ആദ്ധ്യാത്മിക ഇടത്തിന് കഴിയും.

മനുഷ്യ ചരിത്രത്തിന്റെയും സംസ്ക്കാരത്തിന്റെയും ഈ ത്രിസന്ധ്യയിൽ ക്രിസ്തീയ സഭ ആത്മിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും, സുവിശേഷ മൂല്യങ്ങളുടെ ഒരു ജീവന്മരണ പരീക്ഷണത്തിന് (life and death experiment) തയ്യാറാവുകയും ചെയ്താൽ അതാവും നാം പുതിയ യുഗത്തിനുവേണ്ടി കൊളുത്തിവെയ്ക്കുന്ന വിളക്ക്. ആ വെളിച്ചം കണ്ട് നന്ദിയോടും പ്രത്യാശയോടും കൂടി കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും ആളുകൾ ഒരു പുതിയ ജീവിതക്രമത്തിനായി സന്തോഷപൂർവ്വം എത്തിച്ചേരും. ഇതാവും യേശുക്രിസ്തു സൂചിപ്പിച്ച ദൈവരാജ്യത്തിലെ വിരുന്നിന്റെ ഒരു അനുഭവം.